DESPATCHED
On 22/06/2020
20. 3. 20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2660*(7)/2013*/എസ്.ഐ.സി.**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **17430**/എസ്.ഐ.സി-ജി *6/13*)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.പോളസ് ഈപ്പൻ,
പ്രസിഡന്റ്,
കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ
ബോർഡ് എഞ്ചിനീയറിംഗ് സ്റ്റാഫ് അസോസിയേഷൻ,
നാഗമ്പടം, കോട്ടയം –1
} **അപ്പീൽ ഹർജിക്കാരൻ**

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
അഡീഷണൽ സെക്രട്ടറി,
പരിസ്ഥിതി (എ) വകുപ്പ്,
ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

2. അപ്പീൽ അധികാരി,
പരിസ്ഥിതി (എ) വകുപ്പ്,
ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 22.10.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 23.11.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 03.10.2013 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 02.01.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 05.12.2013 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 09.12.2013 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 23.10.2018 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.പോളസ് ഈപ്പൻ,

05.12.2013ന് സമർപ്പിച്ച അപ്പീൽ ഹർജി 09.12.2013ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.2660(7)/13/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 22.10.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 23.11.2013ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 03.10.2013ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 02.01.2014ന് മറുപടി നൽകിയതായും കാണുന്നു.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്നു കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, എയർ/വാട്ടർ അപ്പലേറ്റ് അതോറിറ്റിയുടെ ജീവനക്കാരുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി നൽകിയിരുന്നുവെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന് വിശദമായ മറുപടി നൽകിയെന്നുമാണ്. ടിയാൻ വിവരങ്ങൾ ആവശ്യപ്പെടുന്നതിനു പകരം വിശദീകരണങ്ങളും വ്യാഖ്യാനങ്ങളുമാണ് അപ്പീലിൽ ആവശ്യപ്പെട്ടിരുന്നതെന്നും ആയതിനാൽ അപ്പീൽ നിരസിച്ച് ഉത്തരവായെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മാർച്ച് 20–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM